Draft #8 of File 131188/P&D 1-1/2022/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 15-Oct-2022 09:24 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാല- സർവ്വകലാശാല പഠന വകുപ്പുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നത്, Students Life Cycle Management എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 2022 സെപ്റ്റംബർ, 26, 03.00 പി.എം-ന് വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൻറെ മിനിട്ട്സ് പ്രൊ വൈസ് ചാൻസലർ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 10501/P&D 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.10.2022

---

*പരാമർശം:*-സർവ്വകലാശാല പഠന വകുപ്പുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നത്, Students Life Cycle Management എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൻറെ മിനിട്ട്സ്.

**ഉത്തരവ്**

സർവ്വകലാശാല പഠന വകുപ്പുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നത്, Students Life Cycle Management എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ 26.09.2022-ന് ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകിയിരിന്നു.

1. സർവ്വകലാശാല പഠന വകുപ്പുകൾക്ക് പ്രത്യേക exam ഹാളുകൾ ഇല്ലാത്തതിനാൽ ക്ലാസ്സ് റൂമുകൾ തന്നെ എക്സാം ഹാളുകൾ ആയി ഉപയോഗിക്കുന്ന സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും ആയതിനാൽ ക്ലാസ് റൂമുകളിൽ CCTV surveillance സ്ഥാപിക്കുന്നത് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സ്വാതന്ത്ര്യത്തെ തടസപ്പെടുത്തുമെന്നും യോഗം വിലയിരുത്തി .
2. സർവ്വകലാശാല ക്യാമ്പസിലെ entry /exit പോയിന്റുകളിൽ, IUCSSM research studio പരിസരത്തും CCTV Surveillance സ്ഥാപിക്കുവാൻ യോഗം ശുപാർശ ചെയ്തു.
3. വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട സേവനങ്ങൾ digitise ചെയ്യുക എന്ന ഉദ്ദേശത്തോടെ IT Cell വികസിപ്പിച്ച അപ്ലിക്കേഷൻ ന്റെ link ,feedback form എന്നിവ എല്ലാ പഠന വകുപ്പുകൾക്കും മെയിൽ ചെയ്തിട്ടുള്ളതായും, NAAC വിസിറ്റുമായി ബന്ധപ്പെട്ട പ്രാധാന്യം അർഹിക്കുന്ന വിഷയമായതിനാൽ അടിയന്തരമായി ടി അപ്ലിക്കേഷൻ ഉപയോഗിച്ചതിന് ശേഷം ഫീഡ്ബാക് ഫോം IT Cell ലേക്ക് മെയിൽ ചെയ്യേണ്ടതാണെന്നും IT Director യോഗത്തെ അറിയിച്ചു.
4. ടി അപ്ലിക്കേഷൻ വിദ്യാർത്ഥികൾ,അധ്യാപകർ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എന്നിവർഉപയോഗിക്കുന്നുവെന്ന് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണെന്നും,അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനു online ട്രെയിനിങ് ഏർപ്പെടുത്താവുന്നതാണെന്നും യോഗം ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച കത്ത് പ്രകാരം എല്ലാ പഠന വകുപ്പുകളിലും വകുപ്പ് മേധാവികൾ ചെയർപേഴ്സണായും നാല് വിദ്യാർത്ഥികൾ, രണ്ട് അധ്യാപകർ, രണ്ട് PTA അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന Anti Narcotic Cell രൂപീകരിക്കുവാനും, ഇതിലേക്കായി തിരഞ്ഞെടുക്കപ്പെട്ട രണ്ട് അധ്യാപകരിൽ ഒരാളെ സർക്കാരുമായി ആശയവിനിമയം നടത്തുന്നതിനായി കോർഡിനേറ്ററായും ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.
6. വാർഷിക പ്ലാൻ 2023-2024 ലേക്കുള്ള പ്രൊപ്പോസലുകൾ പ്ലാനിങ് ബോർഡ് നിർദ്ദേശിച്ച ഫോർമാറ്റ് പ്രകാരം അടിയന്തരമായി സമർപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.
7. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ചർച്ചയുടെ ഭാഗമായി സർവ്വകലാശാല പഠന വകുപ്പുകളിൽ Gross Enrollment Ratio വർധിപ്പിക്കുന്നതിനായി Faculty Council ചർച്ച ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.

ടി ശുപാർശകൾ അംഗീകരിച്ച ബഹു. പ്രൊ വൈസ് ചാൻസിലർ ഉത്തരവായിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രശാന്ത് തമ്പി പി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സർവ്വകലാശാല എഞ്ചിനീയർ (തുടർ നടപടികൾക്കായി)
2. വി സി, പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
4. ഫിനാൻസ് I / ഓഡിറ്റ് 1 / അക്കൗണ്ട്സ് V / Engineering Unit / University website / Divisional Accounts Officer
5. ജനറൽ ക്യാഷ് / എ ഡി ഡി / സി എം എസ് / റെക്കോർഡ്സ്
6. ജോ. ഡയറക്ടർ, കെ എസ് എ ഡി മഹാത്മാഗാന്ധി സർവ്വകലാശാല കാര്യാലയം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #8 of File 131188/P&D 1-1/2022/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 15-Oct-2022 09:24 AM - Page 2